LIBRARY ARCHIVES Kerala Legislative Assembly

(6) ഗൾഫ് മലയാളികളുടെ തൊഴിൽ-ജീവിത സുരക്ഷിതത്വം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന്റെ മറ്റൊരു ഭാഗമാണ് ഞാൻ പറയുന്നത്. ഗൾഫിൽ ലേബർ ക്യാമ്പുകളിലും അതുപോലെ ദുബായ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ജയിലുകളിൽ കിടക്കുന്ന നമ്മുടെ സഹോദരിമാരുൾപ്പെടെയുള്ളവരും ഒരു ക്രിമിനൽ കേസിലും പെടാതെ പലതരത്തിൽ പീഡിപ്പിക്കപ്പെട്ട് പല രീതിയിൽ പ്രതിക്കപ്പെട്ടവരുമായ ധാരാളം പേരുണ്ട്. ഞങ്ങൾ അവരെ ജയിലിൽ പോയി സന്ദർശിച്ചതാണ്. ശ്രീ. രാജൻ ബാബുവും ഞാനും ശ്രീ. രാധാകൃഷ്ണനും മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച്, ആ വിവരങ്ങളെല്ലാം ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതാണ്. അപ്പോൾ ജയിലിൽ കിടക്കുന്ന ആ പാവപ്പെട്ട സഹോദരിമാരെ നാട്ടിൽ എത്തിക്കാനും ഇതുപോലെ പ്രതിയിൽപ്പെട്ടുപോകാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കാനും ലേബർ ക്യാമ്പുകളിൽ ആവശ്യമായ സംരക്ഷണവും അവരുടെ തൊഴിൽ സുരക്ഷിതത്വവും മറ്റ് ജീവിത സൗകര്യവും ഉറപ്പുവരുത്താനുമുള്ള നടപടികൾ എടുക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഓരോ രാജ്യങ്ങളിലും അവരവരുടേതായ തൊഴിൽ നിയമങ്ങളുണ്ട്. അത് കേരളത്തിലെപ്പോലെ അത്ര വലിയ പുരോഗമനപരമായ നിയമങ്ങളൊന്നും അല്ല. അപ്പോൾ തൊഴിൽ നിയമങ്ങളുടെ പരിധിക്കകത്ത് നിന്നുകൊണ്ടാണ് നമ്മുടെ ആളുകളും അവിടെ പോയി ജോലി ചെയ്യുന്നത്. എന്നാലും ഇവിടെ കേന്ദ്ര ഗവൺമെന്റ് ഒരു ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുണ്ട്. 30 വയസ്സിൽ കൂടുതലുള്ളവർക്ക് മാത്രമേ അവിടെ പോകാൻ പാടുള്ളൂ എന്നുണ്ട്. അതുപോലും വെട്ടിച്ചുപോകുന്നു. ഇവിടുന്നു പോകാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട്, നമ്മൾ കുറച്ച് കാര്യമായിട്ട് ഈ കാര്യങ്ങൾ നോക്കുന്നതുകൊണ്ട് മറ്റ് സംസ്ഥാനങ്ങൾവഴി പോകുന്നുണ്ട്. നേരത്തെ അവിടെ പോയതിനുശേഷം അനേഷണത്തിന്റെ ഫലമായി തിരികെ കൊണ്ടുവന്ന ആളുകൾതന്നെ വീണ്ടും രണ്ടാമത് പോയി. അത് ഇവിടുന്നല്ല. അപ്പോൾ ഇതിനൊക്കെ ചില പരിമിതികളുണ്ട്. ആ പരിമിതികളിൽ നിന്നുകൊണ്ട് ഒരു കാലത്തും ഉണ്ടാകാത്ത രീതിയിൽ ഇവരുടെ കാര്യങ്ങൾ ഗവൺമെന്റ് നോക്കിവരികയാണ്. ഗവൺമെന്റിൽനിന്നു തുടർന്നും നടപടികൾ ഉണ്ടാകും.

(7) നെയ്യാറ്റിൻകര താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തൽ

ശ്രീ. തന്നാനൂർ രവി : സർ, കിടക്കകളുടെ എണ്ണത്തിലും വിസ്തൃതിയിലും കേരളത്തിലെ ഏറ്റവും വലിയ താലൂക്കാശുപത്രിയാണ് നെയ്യാറ്റിൻകര. ഇപ്പോൾ അവിടത്തെ ബെഡ് സ്ട്രെങ്ത് 137 ആണ്. യഥാർത്ഥത്തിൽ 320 ഉണ്ട്. ഇതിന് ആനുപാതികമായ സ്റ്റാഫിനെ തരണം. അവിടെ നിന്ന് 25 കിലോമീറ്റർ അകലെയുള്ള മെഡിക്കൽ കോളേജിലെ എസ്.എ.ടി.-യിലാണ് രോഗികളെ കൊണ്ടു പോകുന്നത്. ദിവസം 50 പേരെ കൊണ്ടുപോകും. ഈ യാത്രയിലും ട്രാഫിക്കിലും കുരുങ്ങുന്നതോഴേക്കും പല കേസുകളും മരണപ്പെട്ടുപോവുകയാണ്. ഈ പ്രത്യേക